(സി) കൃഷി വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഭൂരിഭാഗവും 2014-15 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുന്നവയാണ്. ഇവയുടെ നിർവ്വഹണം നടന്നുവരുന്നു. 2015 മാർച്ചോടുകൂടി നിർവ്വഹണം പൂർത്തിയാക്കുന്നതാണ്. നീര ഉല്പാദനം, കേരസമൃദ്ധി, കർഷക ഉല്പാദക സംഘങ്ങളും കാർഷിക മാളും, ജൈവകൃഷി പ്രോത്സാഹനം, തൃശ്ശൂരിലെ അഗ്രി കോംപ്ലക്സ് എന്നിവയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇവ ദീർഘകാലാടിസ്ഥാനത്തിലുള്ളവ ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തിൽ മാത്രമേ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂ. മേഖല കൃഷി ഡയറക്ടറേറ്റ് പച്ചക്കറി, പുഷ്പകൃഷിക്കായി മികവിന്റെ കേന്ദ്രം എന്നീ പദ്ധതികൾ ആരംഭിച്ചിട്ടില്ല. പച്ചക്കറി, പുഷ്പകൃഷിക്കായി മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതോടനുബന്ധിച്ച് ഒരു പ്രൊപ്പോസൽ എസ്.എച്ച്.എം. കേരള, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നിറവ് പദ്ധതിക്കും ഉപധനാഭ്യർത്ഥനയിലൂടെ നാമമാത്ര തുക മാത്രമേ ലഭിച്ചിട്ടുള്ളൂ. കൂടുതൽ തുക ലഭിക്കുന്നതിനനുസരിച്ച് പദ്ധതി ആരംഭിക്കുന്നതാണ്.

മിഷൻ 676 കൃഷി വകുപ്പ്

303 (1746) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-വഴി എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിനും കർഷകക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) മിഷൻ 676 വഴി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പദ്ധതിയുടെ പേര്
	പതാകനൗക (ഫ്ലാഗ് ഷിപ്പ് പദ്ധതികൾ) :
1	പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത
2	കേരസമൃദ്ധി
	മറ്റ് പ്രധാന പദ്ധതികൾ :
1	നീര ഉല്പാദനം
2	മേഖല കൃഷി ഡയറക്ടറേറ്റ്
3	വിള ആരോഗ്യപരിപാലനം
4	കീടരോഗ നിരീക്ഷണം
5	എല്ലാ കർഷക ഭവനങ്ങളിലും പോഷകതോട്ടങ്ങൾ
6	കർഷക ഉല്പാദക സംഘങ്ങളും കാർഷിക മാളും
7	നിറവ് പദ്ധതി
8	ലീഡ്സ് (LEADS) പദ്ധതി
9	കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം
10	ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി
11	വിദ്യാലയങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ്
12	അഗ്രോ സർവ്വീസ് സെന്ററുകൾ
13	ജൈവകൃഷി പ്രോത്സാഹനം
14	ഓർഗാനിക് സർട്ടിഫിക്കേഷൻ
15	ഗുണമേന്മാ പരിശോധനാ സംവിധാനം
16	തൃശ്ശൂരിൽ അഗ്രോകോംപ്ലക്സ് നിർമ്മാണം
17	പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു. പദ്ധതി നിർവ്വഹണം നടന്നുവരുന്നു. പുതിയ പദ്ധതികൾക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. പച്ചക്കറി-പുഷ്പകൃഷിക്കായുള്ള മികവിന്റെ കേന്ദ്രം എന്ന പദ്ധതിക്കുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ആസ്ഥാനമാക്കി ഉത്തരമേഖലാ കൃഷി ഡയറക്ടറേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണം പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി Small Farmers Agri Business Consortium (SFAC) ആണ്.

(സി) ഇടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു. 2014-15 പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള ഭൂരിഭാഗം പദ്ധതികളും 2015 മാർച്ചോടുകൂടി നിർവ്വഹണം പൂർത്തിയാക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 9.195 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന് 2.45 കോടി രൂപയുടെ ഒരു പദ്ധതി പരിഗണനയിലാണ്. എല്ലാ നിയോജക മണ്ഡലങ്ങളിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്യാമ്പയിനുകൾ നടന്നു വരുന്നു. ദീർഘകാല പദ്ധതികളായ കേരസമൃദ്ധി, നീര ഉല്പാദനം, തൃശ്ശൂരിലെ അഗ്രികോപ്ലക്സ്, കാർഷിക മാൾ എന്നിവ 2015-16 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. മേഖല കൃഷി ഡയറക്ടറേറ്റ് 'നിറവ്' എന്നീ പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരികയാണ്.

ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം

304 (1747) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി പ്രസ്തുത സ്ഥാപനം പ്രവർത്തനരഹിതമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വെയർ ഹൗസിംഗ് കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ് ഇപ്പോൾ ഈ സ്ഥാപനം ഉള്ളതെന്ന കാര്യം അറിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly